(ബി) പ്രസ്തുത വകുപ്പുകളിലെ ജെ.എച്ച്.ഐ. തസ്തികയുടെ യോഗ്യതയായിപ്പറയുന്ന കോഴ്സുകൾ ഒന്നും നിലവിൽ സംസ്ഥാന സർക്കാർ നടത്തുന്നില്ലെന്നതും ആരോഗ്യ വകുപ്പ് പതിനാറ് വർഷമായി നടത്തുന്ന 'ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ' കോഴ്സ് ഇതിനായുള്ള യോഗ്യതയായി ഉൾപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്. തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് ശ്രേഢീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മികച്ച യോഗ്യതയുള്ളവർ ഇത്തരം പ്രധാന തസ്തികകളിൽ നിന്നും ഒഴിവാക്കപ്പെടുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഏകീകൃത സ്പെഷ്യൽ റൂൾ അടിയന്തരമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരട് സ്പെഷ്യൽ റൂൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജെ.എച്ച്.ഐ. തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതയായി ആരോഗ്യ വകുപ്പിന്റെ 'ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ' കോഴ്സും പരിഗണിക്കുന്നതിനായുള്ള തീരുമാനം സർക്കാർ തലത്തിൽ ഉണ്ടായിട്ടുണ്ടോ; അറിയിക്കുമോ?

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് ശ്രേഢീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രം

360 (360) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനുകളിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു പുതിയ അക്ഷയ കേന്ദ്രം അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ നിവേദനം (എം.എൽ.എ.-യുടെ കത്ത് ഉൾപ്പെടെ നൽകിയത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കുളക്കാട്ടുകുറിശ്ശി ലൊക്കേഷനിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭക തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പേരാമ്പ്ര, മേലടി, പന്തലാനി ബ്ലോക്കുകൾ

361 (361) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര, മേലടി, പന്തലായനി ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III ഓവർസിയറുമാരുടെയും എ.ഇ., എ.എക്സ്.ഇ. മാരുടെയും ഒഴിവുകൾ എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

മേലടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒരു ഒഴിവ് നിലവിലുണ്ട്. നൊച്ചാട്, ചെങ്ങരോത്ത്, മൂടാടി ഗ്രാമപഞ്ചായത്തുകളിലും പന്തലായനി ബ്ലോക്ക് പഞ്ചായത്തിലും ഒന്നാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെറുവന്നൂർ, കായണ്ണ, കീഴരിയൂർ, മേപ്പയ്യൂർ, അരിക്കുളം ഗ്രാമപഞ്ചായത്തുകളിലും മേലടി ബ്ലോക്ക് പഞ്ചായത്തിലും രണ്ടാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ മൂന്നാം തരം ഓവർസിയറുടെ ഒരു ഒഴിവ് നിലവിലുണ്ട്.